**പതിമൂന്നാം കേരള നിയമസഭ**
**<u>പതിനാറാം സമ്മേളനം</u>**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2170** — **17.02.2016 - ൽ മറുപടിക്ക്.**

## വ്യവസായ വികസനത്തിനായി കർമ്മ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി. സതീശൻ,<br>ശ്രീ. എം.എ. വാഹീദ്,<br>ശ്രീ. ബെന്നി ബെഹനാൻ,<br>ശ്രീ. ജോസഫ് വാഴയ്ക്കൻ. | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ മന്ത്രി)** |
| (എ) വ്യവസായ വികസനത്തിനായി അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) : ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) : സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടിയാണ് കർമ്മപദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. |
| (സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) : സംസ്ഥാനത്ത് വ്യവസായ വികസനത്തിനായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നിലവിലുള്ളവയുടെ പുനരുദ്ധാരണത്തിനും ആവശ്യമായ സാമ്പത്തികമുൾപ്പടെയുള്ള എല്ലാ സഹായങ്ങളും കെ.എസ്.ഐ.ഡി.സി. കിൻഫ്ര, സിഡ്കോ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് തുടങ്ങിയ ഏജൻസികൾക്ക് നൽകി വരുന്നു. കെ.എസ്.ഐ.ഡി.സി. വ്യവസായ വികസനത്തിനുവേണ്ടി അടിസ്ഥാന സൗകര്യം ഒരുക്കിയ 53 വ്യവസായ സംരംഭങ്ങൾ വിവിധ പാർക്കുകളിൽ പ്രവർത്തിക്കുന്നുണ്ട്. വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് |

ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും ലഭ്യമാക്കുന്നതിനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്.

അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനായി കിൻഫ്ര സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യവസായ പാർക്കുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഗ്ലോബൽ ആയുർവേദ വില്ലേജ്- തിരുവനന്തപുരം, മെഗാഫുഡ് പർക്ക്-പാലക്കാട്, ഡിഫൻസ് പാർക്ക്-ഒറ്റപ്പാലം, ഇലക്ട്രോണിക്സ് മാനുഫാക്ചറിങ് ക്ലസ്റ്റർ- കാക്കനാട്, അന്താരാഷ്ട്ര ട്രേഡ് കൺവെൻഷൻ സെന്റർ-കാക്കനാട്, ഫുട് വെയർ ക്ലസ്റ്റർ-രാമനാട്ടുകര, സ്പൈസസ് പാർക്ക്-തൊടുപുഴ തുടങ്ങിയ പദ്ധതികളും വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ നിന്നുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ.